**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5670** **16-03-2023 - ൽ മറുപടിയ്ക്ക്**

**പൂവാർ പോലീസ് സ്റ്റേഷനിലെ നിയമപാലകർക്കെതിരിയുള്ള വധഭീഷണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പൂവാർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്‌പെക്ടർക്കെതിരെ വധ ഭീഷണി മുഴക്കിയ പ്രതിക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | പൂവാർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്‌പെക്ടർക്കെതിരെ വധഭീഷണി മുഴക്കിയതായ സംഭവങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത വിഷയത്തിന്മേലുള്ള റിപ്പോർട്ട് സംസ്ഥാന പോലീസ് ചീഫിന് മുമ്പാകെ റൂറൽ എസ്.പി. സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | പൂവാറിൽ അനധികൃതമായി ബോട്ട് സർവീസ് നടത്തുന്നവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (സി) | അനധികൃതമായി ബോട്ടിംഗ് നടത്തുന്ന ബോട്ടുകൾ പിടിച്ചെടുത്ത് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യുന്നു. ലൈസൻസും മറ്റു രേഖകളും ഇല്ലാതെ സർവ്വീസ് നടത്തുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടി സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൂവാർ, പൊഴിയൂർ പോലീസ് സ്റ്റേഷനുകളിലായി 56 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ അനധികൃതമായി സർവ്വീസ് നടത്തിയ 6 ബോട്ടുകളും എൻജിനുകളും പിടിച്ചെടുത്ത് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | പൂവാറിൽ ഇത്തരത്തിലുള്ള ഗുണ്ടായിസം കാണിക്കുന്നവർക്കെതിരെ നടപടി എടുക്കുന്നതിൽ പോലീസിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമ വിരുദ്ധപ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ കർശന നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ